യഥാക്രമം 7948 കി. വാ, 9300 കെ. വി. എ.

ചെങ്കുളം യഥാക്രമം 13450, 14125

പന്നിയാർ യഥാക്രമം 15000, 18000

(സി) പള്ളിവാസൽ 1-3

യഥാക്രമം - 4480, 5000

പള്ളിവാസൽ - 4-6

യഥാക്രമം 7790, 8825

ചെങ്കുളം യഥാക്രമം- 13230, 14125

പന്നിയാർ യഥാക്രമം - 15000, 17647

(ഡി) കരാറിൽ പറഞ്ഞിരുന്ന സ്ഥാപിതശേഷി ഇവയ്ക്ക് ലഭിക്കുന്നുണ്ട്.

(ഇ) പള്ളിവാസൽ - 1-3

ടർബൈൻ കപ്പാസിറ്റി - 4520. കി.വാ

ജനറേറ്റർ കപ്പാസിറ്റി - 3550 കെ. വി. എ

പള്ളിവാസൽ - (4-6)

യഥാക്രമം- 7948, 9330

ചെങ്കുളം യഥാക്രമം-13450, 14125

പന്നിയാർ യഥാക്രമം - 15,000, 18,000

എന്നാൽ ടണലിന്റെ ജലവാഹക ശേഷിമൂലം, ഇപ്പോൾ 32.5 മെഗാവാട്ട് ശേഷി മാത്രമേ പള്ളിവാസലിൽ ലഭിക്കുന്നുള്ളു.

(എഫ്) നവീകരണ പ്രവർത്തനം വഴി, പദ്ധതികളുടെ സ്ഥാപിതശേഷി വർദ്ധിപ്പിക്കാൻ കരാറിൽ വ്യവസ്ഥ ചെയ്തിരുന്നില്ല. നവീകരണം പൂർത്തിയായപ്പോൾ കരാറിൽ പറഞ്ഞിരുന്ന സ്ഥാപിത ശേഷി അവയ്ക്ക് ലഭിക്കുന്നുണ്ട്. കൂടാതെ പുതുതായി നടപ്പിലാക്കാൻ പോകുന്ന പള്ളിവാസൽ വിപുലീകരണ പദ്ധതിയുടെ ഭാഗമായി ടണലിന്റെ ജലവാഹക ശേഷി വർദ്ധിപ്പിക്കുമ്പോൾ മുമ്പും ഇപ്പോഴും ലഭ്യമായ 32.5 മെഗാവാട്ട് ശേഷി 37.5 മെഗാവാട്ടായി വർദ്ധിക്കുന്നതാണ്.

കൂടുതൽ വൈദ്യുതി ലഭ്യമാക്കാൻ നടപടി

10 (898) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മഴ കുറവായതിനാൽ റിസർവോയറുകളിലുള്ള ജല സമ്പത്ത് കുറയുകയും വൈദ്യുതി ഉൽപ്പാദനത്തിന്റെ നിരക്ക് കുറയുകയും ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ഉപയോഗത്തിനായി കൂടുതൽ വൈദ്യുതി കേന്ദ്ര പൂളിൽനിന്നോ ദക്ഷിണ മേഖലാ പവർ ഗ്രിഡിൽ നിന്നോ മറ്റു സംവിധാനത്തിലൂടെയോ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസക്തമല്ല.

വോൾട്ടേജ് മെച്ചപ്പെടുത്തുന്നതിന് നടപടികൾ

11 (899) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി, വടശ്ശേരിക്കര എന്നീ മേജർ ഇലക്ട്രിക്കൽ സെക്ഷനുകൾക്ക് കീഴിലുള്ള പ്രദേശങ്ങളിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റിന്റെ ഭാഗമായി ത്രീഫേസ് ലൈനുകളും ട്രാൻസ്ഫോർമറുകളും എച്ച്.ടി/എൽ.ടി. ലൈനുകളും സ്ഥാപിക്കുന്നതിന് നിലവിൽ എത്ര പദ്ധതികളാണ് ബോർഡിന്റെ പരിഗണനയിലുള്ളതെന്നും, അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ;

(ബി) ഓരോ പദ്ധതിക്കും ചെലവാകുന്ന തുക എത്രയെന്നും വിശദമാക്കാമോ ;

(സി) ഏത് ഏജൻസി മുഖേനയാണ് ഇതിനാവശ്യമായ ഫണ്ട് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) ഓരോ പദ്ധതിയിലും എത്ര മീറ്റർ ത്രീഫേസ്, എച്ച്.ടി/എൽ.ടി ലൈനുകളും എത്ര ട്രാൻസ്ഫോർമറുകളുമുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) ഈ പദ്ധതികളിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; ബാക്കിയുള്ളവ പൂർത്തിയാക്കാൻ താമസിക്കുന്നതിന്റെ കാരണം എന്തെന്ന് വ്യക്തമാക്കാമോ ;

(എഫ്) ഈ പദ്ധതികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ; ഇവ പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) വോൾട്ടേജ് മെച്ചപ്പെടുത്തൽ പദ്ധതി പ്രകാരം റാന്നി നോർത്ത് സെക്ഷൻ പരിധിയിൽ അഞ്ച് വർക്കുകളും, റാന്നി സൗത്ത് സെക്ഷൻ പരിധിയിൽ രണ്ട് വർക്കുകളും വടശ്ശേരിക്കര സെക്ഷൻ പരിധിയിൽ നാല് വർക്കുകളും നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly